©
**കേരള സർക്കാർ**
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 15** Vol. XV | **തിരുവനന്തപുരം, ബുധൻ** Thiruvananthapuram, Wednesday | **2026 ഫെബ്രുവരി 25** 25th February 2026 **1201 കുംഭം 13** 13th Kumbham 1201 **1947 ഫാൽഗുനം 6** 6th Phalguna 1947 | **നമ്പർ** No. | **792** |

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി) നം. 20/2026/തൊഴിൽ *തിരുവനന്തപുരം, 2026 ഫെബ്രുവരി 23*

*1201 കുംഭം 11*

**എസ്. ആർ. ഒ. നമ്പർ 251/2026**

**.-** 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2006-ലെ 24) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 2007 മാർച്ച് 15-ാം തീയതിയിലെ സ.ഉ.(കൈയെഴുത്ത്) 29/2007/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2007 മാർച്ച് 15-ാം തീയതിയിലെ 496-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 235/2007 ആയി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസിദ്ധീകരിച്ചതുമായ 2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിനായി, താഴെപ്പറയുന്ന പദ്ധതി ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:-

**പദ്ധതി**

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ പദ്ധതിയ്ക്ക് 2026-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം .

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.- 2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ,-

1. 39-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ “ഏഴായിരത്തി അഞ്ഞൂറ്” എന്ന വാക്കുകൾക്ക് പകരം “ഒൻപതിനായിരം” എന്ന വാക്കും “അയ്യായിരം” എന്ന വാക്കിന് പകരം “ആറായിരം” എന്ന വാക്കും ചേർക്കേണ്ടതാണ്.
2. 41-ാം ഖണ്ഡികയിൽ “10,000” എന്ന അക്കത്തിന് പകരം “പന്ത്രണ്ടായിരം” എന്ന വാക്ക് ചേർക്കേണ്ടതാണ്.
3. 43-ാം ഖണ്ഡികയിൽ “അയ്യായിരം” എന്ന വാക്കിന് പകരം “ആറായിരം” എന്ന വാക്കും “ആയിരം” എന്ന വാക്കിന് പകരം “ആയിരത്തി ഇരുന്നൂറ്” എന്ന വാക്കുകളും “ഇരുപതിനായിരം” എന്ന വാക്കിന് പകരം “ഇരുപത്തിനാലായിരം” എന്ന വാക്കും ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഷാനവാസ് എസ്.,**

*ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2007-ലെ കേരള ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമാക്കുന്ന വിവാഹാനുകൂല്യം, ചികിൽസാ സഹായം, മരണാനന്തരസഹായം എന്നിവ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ കാലോചിതമായി വർദ്ധിപ്പിക്കുന്നതിലേക്ക് പ്രസ്തുത പദ്ധതി ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.25 02:44:49 +05:30